# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

**ഫെബ്രുവരി 14**

**February 14**

**2019**

*1193 കുംഭം 02* **വ്യാഴം**

## പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## ഉൽപ്പാദന മേഖലയുടെ പുരോഗതി ലക്ഷ്യമിട്ട്

## ജില്ലാ പഞ്ചായത്ത് ബജറ്റ്

### 108 കോടി രൂപ വരവും 99.19 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ്

ഉൽപ്പാദന മേഖലയുടെ പുരോഗതി ലക്ഷ്യമിട്ട് ജില്ലാ പഞ്ചായത്തിന്റെ 2019-20 ബജറ്റ്. 108,02,54,629 രൂപ വരവും, 99,19,00,000 രൂപ ചെലവുമുൾപ്പെടെ 8,83,54,629 രൂപ നീക്കിയിരിപ്പുമുള്ള ബജറ്റാണ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ് അവതരിപ്പിച്ചത്.

ഉൽപ്പാദന മേഖലയുടെ പുരോഗതി ലക്ഷ്യമിടുന്ന ബജറ്റിൽ അവതരിപ്പിച്ച പ്രധാന പദ്ധതിയാണ് ചട്ടഞ്ചാലിൽ 50 കോടി രൂപ ചെലവിൽ ഗ്യാസ് അധിഷ്ഠിത പവർ പ്ലാന്റ്. ജില്ലയുടെ വികസന മുഖച്ഛായ തന്നെ മാറ്റാൻ കെൽപ്പുള്ള പദ്ധതിയാണിത്. ഗെയിൽ പൈപ്പ്ലൈൻ യഥാർത്ഥ്യമാകുന്നതോടെ പൈപ്പ് ലൈൻ

വഴിയുള്ള ഗ്യാസ് ഉപയോഗിച്ച് ചട്ടഞ്ചാൽ വ്യവസായ പാർക്കിൽ കെഎസ്ഇബിയുടെ പിന്തുണയോടെയാണ് ഗ്യാസ് അധിഷ്ഠിത പവർ പ്ലാന്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. 50 കോടി ചെലവിൽ രജിസ്ട്രേഡ് കമ്പനിയായി തുടങ്ങാനുദ്ദേശിക്കുന്ന ഗ്യാസ് പ്ലാന്റ് യാഥാർത്ഥ്യമാകുന്നതോടെ ജില്ലയുടെ വികസന ചരിത്രത്തിൽ നാഴികകല്ലാകുമെന്നും ഊർജ സ്രോതസ്സുകളുടെ ഉൽപ്പാദനത്തിൽ തദ്ദേശ സ്വയംഭരണ സംവിധാനത്തിന് തന്നെ പുത്തൻ മാതൃക തീർക്കുവാനും ഇതുവഴി സാധിക്കുമെന്നും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ് പറഞ്ഞു. ജില്ലയിലെ സ്കൂളുകളിൽ സൗരോർജ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് രണ്ടു കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞമുൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് ജില്ലയിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കുടിവെള്ളം, ശുചിത്വം, ആസ്തി സംരക്ഷണം എന്നിവ ഉൾപ്പെടുത്തിയുള്ള പദ്ധതികൾക്ക് ബജറ്റിൽ പ്രാമുഖ്യം നൽകിയിട്ടുണ്ട്. ഗേൾസ് ഫ്രണ്ട്‌ലി, ബോയ്സ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ, സ്മാർട് ക്ലാസ് റൂമുകൾ, ലാബ് ഉപകരണങ്ങൾ, ഫർണീച്ചറുകൾ, വാട്ടർ പ്യൂരിഫയറുകൾ എന്നിവ വിവിധ പദ്ധതികളുടെ ഭാഗമായി സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ തുടരുന്നതിനായി ഇത്തവണയും ബജറ്റിൽ തുക വകയിരുത്തിട്ടുണ്ട്. എസ്എസ്എ പദ്ധതികൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതമായുള്ള 3 കോടി രൂപയും ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സ്കൂൾ പരിസരം ഹരിതാഭമാക്കുന്നതിന്റെ ഭാഗമായി വനവൽക്കരണത്തിനുള്ള പദ്ധതിക്കായും തുക വകയിരുത്തിയിട്ടുണ്ട്.

വരൾച്ച രഹിത ജില്ലയാക്കി മാറ്റുന്നതിനായി ജലജീവനം പദ്ധതിക്കായി 96 ലക്ഷം രൂപയും ക്യാൻസർ വിമുക്ത ജില്ല എന്ന ലക്ഷ്യവുമായി സമഗ്ര ക്യാൻസർ നിർമ്മാർജന പദ്ധതി അതിജീവനത്തിനായി 50 ലക്ഷം രൂപയും വായോജനങ്ങൾക്ക് ഉച്ചഭക്ഷണം നൽകുന്ന 'പാഥേയം' പദ്ധതിക്ക് 40 ലക്ഷവും സമ്പൂർണ്ണ മാലിന്യ രഹിത ജില്ലയാക്കുന്നതിന്റെ ഭാഗമായുള്ള ആധുനിക മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഒരു കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. പോഷകാഹാരം ഉൾപ്പെടെ കൊറഗ കോളനികളുടെ സമഗ്രവികസനത്തിന് 15 ലക്ഷവും ജില്ലയിലെ വിദ്യാർത്ഥികളുടെ കായിക മികവ് മെച്ചപ്പെടുത്തുന്നതിനുള്ള കുതിപ്പ് പദ്ധതിക്കായി 10 ലക്ഷവും സർക്കാർ അംഗീകൃത വയോജന സ്ഥാപനങ്ങൾ മെച്ചപ്പെടുത്താൻ 40 ലക്ഷം രൂപയും വെള്ളപ്പൊക്കം പോലുള്ള പ്രകൃതിദുരന്തങ്ങളെ അതിജീവിക്കാൻ കുട്ടികളെ ദീർഘവീക്ഷണത്തോടെ നീന്തൽ പരിശീലിപ്പിക്കുന്നതിനായി പോർട്ടബിൾ നീന്തൽ കുളം സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ജില്ലയുടെ ഗതാഗത രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള മുഴുവൻ റോഡുകളുടേയും നിലവാരം ഉയർത്തുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജില്ലാ പഞ്ചായത്ത് റോഡുകളെ മെക്കാഡം ടാറിംഗ് നടത്തി മികച്ച നിലവാരത്തിലേക്കുയർത്തുക എന്ന മാതൃകാ പദ്ധതിക്കായി 9.85 കോടി രൂപയും ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 14 കോടി രൂപയും ജില്ലാ പഞ്ചായത്തിന്റെ റോഡുകളുടെ പുരോഗതിക്കായി 12 കോടി രൂപയു ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ജില്ലാ ആശുപത്രിലെ സുപ്പർ സ്പെഷാലിറ്റി നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വൃക്കരോഗം ബാധിച്ചവർക്ക് ഡയാലിസിസ് സൗകര്യത്തിനായി ജനപങ്കാളിത്തത്തോടെ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിക്ക് 25 ലക്ഷം രൂപയും അലോപ്പതി, ആയൂർവേദ, ഹോമിയോ ജില്ലാ ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനും ബജറ്റിൽ പ്രത്യേകതുക വകയിരുത്തിയിട്ടുണ്ട്. പട്ടിക വർഗ ഉദ്യോഗാർഥികൾക്ക് കരിയർ ഗൈഡൻസ്, വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ധനസഹായം പദ്ധതികൾക്ക് ബജറ്റ് പ്രാധാന്യം നൽകുന്നുണ്ട്. ഭവനരഹിത ജില്ലയാക്കാൻ ലക്ഷ്യമിട്ട് രണ്ടായിരത്തോളം ഭവനങ്ങളുടെ നിർമ്മാണം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാരിന്റെ നയപ്രഖ്യാപനങ്ങളുടെ ഭാഗമായുള്ള ലൈഫ്, പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതികൾക്ക് എട്ടുകോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ബജറ്റ് യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി. ബഷീർ അധ്യക്ഷത വഹിച്ചു. ജില്ലയുടെ സമഗ്രമേഖയിലുമുള്ള വികസനത്തിന് ഉതകുന്നതും സാധാരണക്കാരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ജനപക്ഷത്ത് നിൽക്കുന്ന നടപടികൾക്ക് ബജറ്റ് മാർഗദർശിയാകുമെന്ന് ആമുഖ പ്രസംഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. ബജറ്റവതരണത്തിന് ശേഷം നടന്ന ചർച്ചകളിൽ ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ഹർഷദ് വോർക്കാടി, അഡ്വ.എ.പി.ഉഷ, ഫരീദാ സക്കീർ അഹമ്മദ്, ഷാനവാസ് പാദൂർ, ജില്ലാ പഞ്ചായത്തംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലയിലെ വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് നിർവഹണ ഉദ്യോഗസ്ഥരും പങ്കെടുത്തു

## കാർഷിക കർമ്മസേന രൂപീകരിക്കും

കാർഷിക കർമ്മസേന രൂപീകരിക്കുന്നതിന്റെ ഭാഗമായി പൈവളികെ കൃഷിഭവൻ പരിധിയിലെ തൊഴിലന്വേഷകരായ യുവതീ-യുവാക്കൾക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നല്കുന്നു. താല്പര്യമുള്ളവർ കൃഷിഭവനിൽ ഫെബ്രുവരി 20 നകം പേര് രജിസ്റ്റർ ചെയ്യണം.

## നൈറ്റ് വാച്ച്മാൻ നിയമനം

പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ താൽക്കാലികമായി ദിവസ വേതനാടിസ്ഥാന ത്തിൽ ഒരു നൈറ്റ് വാച്ച്മാനെ നിയമിക്കുന്നു. ശാരീരികമായി അവശതകൾ ഒന്നും ഇല്ലാത്ത മലയാളം എഴുതാനും വായിക്കാനും അറിയുന്ന പരപ്പ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം.വെള്ളക്കടലാസിൽ തയ്യാറാ ക്കിയ ബയോഡാറ്റ, മൊബൈൽ നമ്പർ സഹിതമുള്ള അപേക്ഷ ഫെബ്രുവരി 22 ന് ഉച്ചയ്ക്ക് ഒന്നിനകം പരപ്പ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർക്ക് സമർപ്പിക്കണം. ശമ്പളം 6000 രൂപ.ഇത് കൂടാതെ മറ്റ് ആനുകൂല്യങ്ങളൊന്നും ലഭിക്കില്ല. പൊതുവി ഭാഗം ഉദ്യോഗാർത്ഥികൾ 18 വയസ് പൂർത്തീകരിക്കുകയും 36 വയസ് അധികരി ക്കാനും പാടില്ല.മറ്റ് വിഭാഗങ്ങൾക്ക് അർഹമായ ഇളവുകൾ പ്രായപരിധിയിൽ ഉണ്ടാ യിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 0467-2255655

## കാസർകോട് ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് അവതരിപ്പിച്ചു

കാസർകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തേക്കുള്ള വാർഷിക ബഡ്ജറ്റ് വൈസ് പ്രസിഡന്റ് ഹലീമ ഷിന്നൂൻ സി എ അവതരിപ്പിച്ചു. 66.73 കോടി രൂപ അടങ്കൽ ഉള്ള ബഡ്ജറ്റിൽ കാർഷിക മേഖല, കുടിവെള്ളം, അടിസ്ഥാന സൗകര്യ വികസനം, പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗം എന്നിവയ്ക്കാണ് ഊന്നൽ നൽകിട്ടുള്ളത്. കാസർകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുഹമ്മദ് കുഞ്ഞി ചായിന്റടി അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ മൊഗ്രാൽപുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ എ ജലീൽ, കാസർകോട് ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ടി.ഡി കബീർ, എ.എസ് അഹമ്മദ്, ആയിഷ സഹദുള്ള, മെമ്പർമാ രായ സത്യശങ്കര ഭട്ട്, മല്ലിക ടീച്ചർ, ആസൂത്രണ സമിതി വൈസ് ചെയർമാൻ എം എ മക്കാർ മാസ്റ്റർ എന്നിവർ സംസാരിച്ചു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി രാഗേഷ് ടി സ്വാഗതവും, അസിസ്റ്റൻഡ് പ്ലാൻ കോഡിനേറ്റർ ജയരാജ് എം നായർ നന്ദിയും പറ ഞ്ഞു.

## സ്ഥലം ലേലം ചെയ്യും

ബാങ്ക് ലോൺ കുടിശ്ശിക ഇനത്തിൽ ഒടുക്കേണ്ട തുക ഈടാക്കുന്ന തിന്റെ ഭാഗമായി കേരള റവന്യൂ റിക്കവറി നിയമപ്രകാരം ജപ്തി ചെയ്തിട്ടുള്ള മടിക്കൈ ഗ്രാമത്തിലെ റീസർവ്വെ നമ്പർ 652/3 -ൽ പ്പെട്ട 0.15 ഏക്കർ ഭൂമിയും അതിലെ സകലതും മാർച്ച് 14 ന് രാവിലെ 11 ന് മടിക്കൈ വില്ലേജ് ഓഫീസിൽ ലേലം ചെയ്യും.കൂടുതൽ വിവരങ്ങൾക്ക്-0467 2204042.

## റാങ്ക് പട്ടിക റദ്ദായി

ജില്ലയിലെ വിദ്യാഭ്യാസവകുപ്പിൽ മലയാളം മീഡിയം ഹൈസ്കൂൾ കണക്ക് (ബൈ ട്രാൻസ്ഫർ ) തസ്തികയുടെ തെരഞ്ഞെടുപ്പിന് 28-11-2018 ന് നിലവിൽ വന്ന റാങ്ക് പട്ടികയിലെ മുഴുവൻ ഉദ്യോഗാർത്ഥികളെയും നിയമന ശുപാർശ ചെയ്തതിനെ തുടർന്ന് റാങ്ക് പട്ടിക റദ്ദായി.

## എം പി ഫണ്ട് അനുവദിച്ചു

രാജ്യസഭ എം.പി കെ സോമപ്രസാദിന്റെ പ്രദേശിക വികസനഫണ്ടിൽ നിന്നും നീലേശ്വരം നഗരസഭയിലെ പരുത്തിക്കാമുറി ഗവൺമെന്റ് എൽ.പി.സ്കൂളിനും, ചാത്തമത്ത് എയ്ഡഡ് യു.പി സ്കൂളിനും ബസ് വാങ്ങുന്നതിന് ആറ് ലക്ഷം രൂപ വീതം അനുവദിച്ചു.

## ബജറ്റ് അവതരിപ്പിച്ചു

പുല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശാരദാ എസ് നായരുടെ അധ്യക്ഷതയിൽ വൈസ് പ്രസിഡണ്ട് പി കൃഷ്ണൻ അവതരിപ്പിച്ചു.ദാരിദ്ര്യ ലഘൂകരണം, ഗതാഗത സൗകര്യം റോഡുകളുടെ വികസനം, കാർഷിക മേഖല, പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം, ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം, ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് താത്കാലിക സംവിധാനം, മാലിന്യ സംസ്കരണം, ഹരിത കേരളം എന്നിവക്ക് പ്രത്യേക പരിഗണന നൽകിയ ബജറ്റാണ് അവതരിപ്പിച്ചത്.

(തുടരും )

**( ജില്ലാ പഞ്ചായത്ത് ബജറ്റിന്റെ കൂടുതൽ വാർത്ത അടുത്ത പ്രസ് റിലീസിൽ)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**